# Eparchy of Mississauga
Bulletin

## INAUGURATION AND INSTALLATION OF BISHOP

*SPECIAL EDITION*



June - 2019

Vol.3, No.06








KORG










Reserved



# INDEX


01 Curia News

02. Papal Bull - Elevation of The Eparchy of Mississauga

03 Papal Bull - Appointment of Mar Jose Kalluvelil

04. Inauguration of the Eparchy of Mississauga
and Installation of Mar Jose Kalluvelil

05. Bishop’s Engagements

06. Festal Greetins

07. Appointments

08. Eparchial Presbyteral Council

09. Pastoral Council

10. Priestly Spirituality-Biblical Reflection

11. News from Departments

12. News from Parishes

13. Bishop’s Diary

10. Editorial Board

# CURIA NEWS

FRANCIS, BISHOP, SERVANT OF THE SERVANTS OF GOD, for a perpetual memory. It is fitting for everyone wholeheartedly to spend their lives contemplating God's greatness and offering thanksgiving for His sublime mercy because through Jesus, who is our salvation, our spirit rejoices in the eternal divinity (see Venerable Bee, *Expositio in Lucam* 1, 46-47).

Keeping these benefits in mind, Our Apostolic solicitude extends to all the Christian faithful whose spiritual development is opportunely promoted, especially through piety and works of charity.

We therefore, at this time, turn Our attention to the beloved Catholic faithful of the Syro-Malabar Rite residing in Canada and, wishing to promote their spiritual well-being and to provide for their growth, having received the advice and favorable opinion of our Venerable Brother Cardinal George Alencherry, Major Archbishop of Ernakulam-Angamaly, and the Syro-Malabar Synod of Bishops, as well as the Canadian Conference of Catholic Bishops and having heard from our Venerable Brother Cardinal Leonardo Sandri, Prefect of the Congregation for Oriental Churches, by the fullness of Our Apostolic Authority we hereby raise the Apostolic Exarchate in Canada to the rank of an Eparchy with all the rights and privileges related thereto, in accordance with the norms of the Code of Canons of the Eastern Churches. It will be known as the Eparchy of MISSISSAUGA, changing nothing relating to the place of the Cathedral Church or to the seat of the Bishop and the Diocesan Curia. We establish this Eparchy to be immediately subject to the Apostolic See, entrusting it to the heavenly patronage of St. Thomas the Apostle. Its Bishop is a member of the Synod of Bishops of the Syro-Malabar Church. All priests presently exercising their ministry within the territory of the Eparchy are ipso facto, incardinated into the newly erected Eparchy, and seminarians from parishes within the same territory are inscribed into the new circumscription. Other matters are to be arranged in accordance with the norms of the said Code.

May the Lord bestow his mercy upon the pastors and faithful of this eparchy and preserve them from all harm, so that through the intercession of the Blessed Virgin Mary, Mother of God, they may merit within the Church of Christ our Savior, through worthy deeds, to obtain the reward of eternal happiness. Finally, we desire that this our Constitution be effective, anything to the contrary not withstanding.

Given in Rome, at St. Peter's, this twenty-second day of December in the Year of Our Lord 2018, the sixth of Our Pontificate.

Cardinal Pietro Parolin
Secretary of State

Card. Leonardo Sandri
Prefetto della Congregazione
per le Chiese Orientali

Leonardo Sapienza, Prot. Apost.
Secretary

FRANCIS, BISHOP, SERVANT OF THE SERVANTS OF GOD, to our Venerable Brother **Joseph Kalluvelil**, until now titular Bishop of Tabalta and Apostolic Exarch of Canada, first Eparchial Bishop of Mississauga, greetings and Apostolic Blessing.

Trusting in the goodness of the Lord, who puts to death and gives life, and who raises the needy from the dust and from the ash heap lifts up the poor, to seat them with princes and make a glorious throne their heritage – cf. 1 Sam 2:6-8 – We willingly show our concern and paternal care for Christ's faithful, as We strive to govern in a way that ensures their happiness, flourishing and progress in the way of the Lord.

For this reason, considering the needs of the flock of the Eparchy of Mississauga, which this very day, by the Apostolic Constitution *Munere misericordiae*, has been raised to this dignity from the status of an Exarchate, We hasten to provide a Pastor who will promote their well-being, and We could think of no better person for this Office than you who have worked faithfully for the spiritual well-being of the faithful of the Syro-Malabar Rite in Canada.

Accordingly, having heard the advice of our Venerable Brother, Cardinal Leonardo Sandri, Prefect of the Congregation for the Oriental Churches, releasing you from the Office of Apostolic Exarch and the aforementioned Titular See, we appoint you Bishop of the newly erected Eparchy of MISSISSAUGA, with all the rights and obligations attached thereto, in accord with the norms of the Code of Canons of the Eastern Churches.

We ask you to make Our Decree known to the clergy and faithful of this community, and we exhort them to accept you as their father and teacher and, through the intercession of the Blessed Mother of God, and under your guidance, may they show forth Divine Mercy through the holiness of their lives, their love of souls, their charity towards the poor and their good works for the building up of the Kingdom.

Given in Rome, at St. Peter's, this twenty-second day of December, in the Year of Our Lord 2018, the sixth of Our Pontificate.

**FRANCISCUS PP.**

## കാനഡയിൽ വിശ്വാസവിളവെടുപ്പിന് നിലമൊരുക്കി

## മിസ്സിസാഗ രൂപതയുടെ പിറവി

ടൊറന്റോ: ആഗോളസഭയുടെ ഭൂപടത്തിലേക്ക് മിസ്സിസാഗയും, അജപാലകരുടെ മഹനീയഗണത്തിലേക്ക് മാർ ജോസ് കല്ലുവേലിലും. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമായ കാനഡയിലാകെ ചിതറിക്കിടക്കുന്ന സിറോ മലബാർ വിശ്വാസിസമൂഹം ഇനി മിസ്സിസാഗ രൂപതയുടെ കുടക്കീഴിൽ. സിറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് രൂപതയുടെ ഉദ്ഘാടനത്തിനും പ്രഥമ മെത്രാൻ മാർ ജോസ് കല്ലുവേലിലിന്റെ സ്ഥാനാരോഹണത്തിനും മുഖ്യകാർമികത്വം വഹിച്ചത്. ഭാരതത്തിനു പുറത്ത്, സിറോ മലബാർ സഭയുടെ നാലാമത്തെ രൂപതയാണിത്.

പുതിയ രൂപതയെ നയിക്കാൻ നിയുക്തനായത് നല്ലിടയനാണെന്നതിൽ ഓരോരുത്തർക്കും അഭിമാനിക്കാമെന്ന മേജർ ആർച്ച്ബിഷപ്പിന്റെ പ്രഖ്യാപനത്തെ സെന്റ് അൽഫോൻസ കത്തീഡ്രലിൽ പ്രാർഥനാപൂർവം പങ്കാളികളായ വിശ്വാസികൾ കരഘോഷത്തോടെയാണ് വരവേറ്റത്. നല്ലിടയന്മാർ മുൻവാതിലിൽക്കൂടിയാകും പ്രവേശിക്കുകയെന്ന് അഭിപ്രായപ്പെട്ട മാർ ജോർജ് ആലഞ്ചേരി, സഭയിലും ചെമ്മരിയാടുകളും കോലാടുകളുമുണ്ടെന്നും ചൂണ്ടിക്കാട്ടി. ചെമ്മരിയാടുകൾ ഇടയൻ നയിക്കുന്ന വഴിയെ നടക്കുമ്പോൾ, കൂട്ടംവിട്ടുപോകാനിടയുള്ള കോലാടുകളുടെ പിന്നാലെ പോകേണ്ട ഉത്തരവാദിത്തംകൂടി ഇടയന്മാർക്കുണ്ട്; അത് കേരളത്തിലായാലും കാനഡയിലായാലും. നല്ലിടയന്മാർ അജഗണത്തെ സംരക്ഷിക്കുന്നതിനായി മുൻവാതിലിലാകും നിലയുറപ്പിക്കുക. പിൻവാതിലിൽക്കൂടി വരുന്നവരാകട്ടെ, സ്വയരക്ഷയാകും നോക്കുക. അജപാലകരും ആത്മീയശുശ്രൂഷകരും യേശുക്രിസ്തുവിന്റെ മാതൃകയാകണം പിന്തുടരേണ്ടത്. പാവങ്ങളുടെ കണ്ണീരൊപ്പുന്ന കാരുണ്യപ്രവൃത്തികളിലും അടിച്ചമർത്തപ്പെട്ടവന്റെ മോചനത്തിനുമെല്ലാമാകണം മുൻഗണന. ക്രിസ്തുവിനെപ്പോലെ സഹനത്തിന്റെ ജീവിതത്തിനായാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നതെന്നും ഓർമിപ്പിച്ചു.

കാനഡയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ച്ബിഷപ്പ് ലൂയിജി ബൊണാസി, ടൊറോന്റോ ആർച്ച്ബിഷപ്പ് കർദിനാൾ തോമസ് കോളിൻസ്, കനേഡിയൻ ബിഷപ്സ് കോൺഫറൻസ് വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. റിച്ചാർഡ് ഗാനൻ, ഷിക്കാഗോ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, കാനഡയിലെ കൽദായ ബിഷപ്പ് ബവായ് സോറോ എന്നിവർ ആശംസകളർപ്പിച്ചു. കോട്ടയം ആർച്ച്ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, കിങ്സ്റ്റൺ ആർച്ച്ബിഷപ്പ് മിഷേൽ മുൽഹാൾ, എഡ്മിന്റനിലെ യുക്രേനിയൻ ബിഷപ്പ് ഡേവിഡ് മോട്ടിയക് എന്നിവരും പങ്കെടുത്തു. അൻപത് ലക്ഷത്തോളം അംഗങ്ങളുമായി പൌരസ്ത്യ സഭകളിൽ ഒന്നാമതായ യുക്രേനിയൻ സഭയുടെ എണ്ണത്തിലേക്ക് സിറോ മലബാർ സഭയും അടുത്തുകൊണ്ടിരിക്കുകയാണെന്നും മാർ ജോർജ് ആലഞ്ചേരി ചൂണ്ടിക്കാട്ടി.

പതിനെട്ട് മിഷൻ സെന്ററുകളും എതാനും വൈദികരുമെന്ന നിലയിൽനിന്ന് സ്വന്തമായി നാല് ദേവാലയങ്ങൾ ഉൾപ്പെടെ അൻപത്തിര□ ് ആരാധനാസമൂഹങ്ങളും ഇരുപത്താറ് വൈദികരും പത്ത് സന്യസ്തരും പന്ത്ര□ ് സെമിനാരി വിദ്യാർഥികളുമെന്ന നിലയിലേക്ക് മിസ്സിസാഗ രൂപതയെ എത്തിച്ചതിൽ മാർ ജോസ് കല്ലുവേലിലിനെ പേപ്പൽ പ്രതിനിധി ലൂയിജി ബൊണാസിയും കർദിനാൾ തോമസ് കോളിൻസും അഭിനന്ദിച്ചു.

എക്സാർക്കേറ്റിന് രൂപതയിലേക്കുള്ള പൂർണതയ്ക്ക് വേണ്ടിവന്നത് 39 മാസങ്ങൾ മാത്രം. കാനഡയിൽ ആത്മീയ ഉണർവ് പകരാനുള്ള ദൈവീകദൗത്യമാണ് രൂപതയായതിലൂടെ ലഭിച്ചിരിക്കുന്നതെന്നും സുവിശേഷവൽക്കരണം ഉറപ്പാക്കുന്നതിനായി വിശ്വാസികളെല്ലാവരും മിഷനറിമാരായി മാറണമെന്നും മറുപടി പ്രസംഗത്തിൽ മാർ ജോസ് കല്ലുവേലിൽ ചൂണ്ടിക്കാട്ടി. പൂർവികരിൽനിന്ന് ഈ തലമുറ ഏറ്റുവാങ്ങിയ വിശ്വാസദീപം കനേഡിയൻ സംസ്കാരവുമായി ഇഴുകിച്ചേരുന്ന പുതുതലമുറയിലേക്ക് കൈമാറുകയെന്നതാണ് പ്രധാന വെല്ലുവിളിയെന്നും പറഞ്ഞു.

പാലക്കാട് രൂപതയിൽനിന്നു മെത്രാനാകുന്ന ആദ്യ വൈദികനാണ് മാർ ജോസ് കല്ലുവേലിൽ. ആറു പതിറ്റാണ്ടു മുന്പ് കുറവിലങ്ങാട് തോട്ടുവായിൽനിന്നു പാലക്കാട് ജെല്ലിപ്പാറയിലേക്കു കുടിയേറിയ കല്ലുവേലിൽ ജോസഫിന്റെയും അന്നമ്മയുടെയും മകൻ. ആറു വർഷം മുന്പ് വൈദികനായി കാനഡയിലേക്ക് എത്തുംമുൻപ് പതിനൊന്ന് വർഷത്തോളം പാലക്കാട് രൂപതാ മതബോധന ഡയറക്ടറായിരുന്നു. ഇറ്റലിയിലെ പൊന്തിഫിക്കൽ സലേഷ്യൻ സർവകലാശാലയിൽനിന്ന് മതബോധനത്തിലാണ് മാർ കല്ലുവേലിലിന്റെ ഗവേഷണബിരുദം.

രൂപതാ ഉദ്ഘാടന ചടങ്ങിൽ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ അരീക്കാട്ട് സ്വാഗതം ആശംസിച്ചു. ചാൻസലർ ഫാ. ജോൺ മൈലംവേലിൽ രൂപതാ സ്ഥാപനത്തിന്റെയും മാർ കല്ലുവേലിയെ മിസ്സിസ്സാഗ രൂപതാദ്ധ്യക്ഷനായി നിയമിച്ചതിന്റെയും പേപ്പൽ ബൂളകൾ വായിച്ചു. ഫിനാൻസ് ഓഫിസർ ഫാ. ജേക്കബ് എടക്കളത്തൂർ ആയിരുന്നു ആർച്ചുഡീക്കൻ. ഫാ. മാർട്ടിൻ അഗസ്റ്റിനായിരുന്നു മാസ്റ്റർ ഓഫ് സെറിമണി. ഫാ. ഡാരിസ് മൂലയിൽ വൈദീകരെയും സമർപ്പിതരെയും, എബി അലറിക് കുട്ടികളെയും യുവജന ങ്ങളെയും, ഡോ. സാബു ജോർജ് രൂപതയിലെ അൽമായരെയും വിവിധ ഡിപ്പാർട്ടുമെന്റുകളെയും, പ്രതിനിധീകരിച്ച് ആശംസകളർപ്പിച്ചു. ജനറൽ കൺവീനർമാരായ സോണി കയ്യാനിയിലും ജോസഫ് അക്കരപട്ടിയാക്കലും ചേർന്ന് നന്ദിപ്രകടനം നടത്തി. വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ ആഴ്ചകൾ നീണ്ട അധ്വാനത്തിലൂടെയാണ് മിസ്സിസാഗ രൂപതയുടെ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നായ ചടങ്ങ് അവിസ്മരണീയമാക്കിയതും ഇതിനായി കത്തീഡ്രലിനെ അണിയിച്ചൊരുക്കിയതും. പ്രതികൂല കാലാവസ്ഥയായിരുന്നിട്ടുകൂടി നൂറുകണക്കിനു വിശ്വാസികളാണ് പ്രാർഥനാപൂർവം പങ്കെടുത്തത്. ഒരു രൂപതയുടെയും മെത്രാന്റെയും പിറവിക്കുകൂടി സാക്ഷ്യംവഹിച്ച ഇവർ മടങ്ങിയത് കാനഡയിൽ വിശ്വാസത്തിന്റെ വിത്തുവിതയ്ക്കാനുള്ള നിലമൊരുങ്ങുന്നതിന്റെ ആവേശവും ആഹ്ളാദവും പേറിയാണ്.

















# മിസ്സിസ്സാഗാ സീറോമലബാർ രൂപതയ്ക്ക് ആശംസകൾ

2015 സെപ്റ്റംബർ മാസം 19 ാം തിയതി കാനഡയിലെ സീറോമലബാർ കത്തോലിക്കർക്ക് ആഹ്ളാദത്തിന്റെ ഒരു സുവർണ്ണ ദിനമായിരുന്നു അന്നാണ് കാനഡയിലെ സീറോമലബാർ കത്തോലിക്കർക്കായി ഒരു എക്സാർക്കേറ്റ് സ്ഥാപിക്കപ്പെട്ടത്. അന്നുതന്നെ മാർ ജോസ് കല്ലുവേലിയെ അതിന്റെ എക്സാർക്ക് ആയി അഭിഷേകം ചെയ്തു.

മൂന്നുവർഷത്തിനുശേഷം, ഇതാ ഒരു പുതിയ സ്ഥാനലബ്ധി. മൂന്നുവർഷത്തെ നിരന്തരമായ പ്രവർത്തനംവഴി എക്സാർക്കേറ്റ് ഒരു രൂപതയായി.

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പായിരിക്കുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അനുഭാവപൂർണമായ അഭിപ്രായം അനുസരിച്ചും, കാനഡയിലെ കാത്തലിക് ബിഷപ്പ് കോൺഫ്രൻസിന്റെ നിർദേശപ്രകാരവും, പൗരസ്ത്യ സഭകൾക്കുള്ള കോൺഗ്രിഗേഷന്റെ തലവനായിരിക്കുന്ന കർദിനാൾ ലിയനാർഡോ സാന്ദ്രിയുടെ നിർദേശപ്രകാരവുമാണ് മാർപാപ്പ ഈ അപ്പസ്തോലിക് എക്സ്ലർക്കറ്റിനെ "EPARCHY OF MISSISSAUGA" ആയി പ്രഖ്യാപിച്ചിരിക്കുന്നത്.

മാർ തോമസ്ലിഹയെ സ്വർഗീയ മധ്യസ്ഥനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ രൂപത പരിശുദ്ധ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരിക്കും. പുതുതായി സ്ഥാപിച്ചിരിക്കുന്ന ഈ രൂപതയുടെ മെത്രാനായി ഇതുവരെ എക് സർക്കായിരുന്ന മാർ ജോസ് കല്ലുവേലിയെത്തന്നെ മാർപാപ്പ നിയമിച്ചു ഈ അഭിവന്ദ്യ ബിഷപ്പിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ നിസ്സുലമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ ചുരുങ്ങിയ കാലയളവിൽ തന്നെ ഇത് ഒരു രൂപതയായി ഉയർത്തികിട്ടിയത്. വളരെ അപൂർവമായേ പള്ളികളോ ,സ്ഥാപനങ്ങളോ ,സംവിധാനങ്ങളോ ഇല്ലാതിരുന്ന ഒരു എക്സ്ലർക്കറ്റിനെ 39 മാസങ്ങളുടെ പ്രവർത്തനം വഴി രൂപതയായി ഉയർത്തുന്നത് .

നീണ്ടവർഷങ്ങളുടെ ചരിത്രമാണ് ഈ പുതിയ രൂപതയുടെ സ്ഥാപനത്തിന് പിറകിൽ ഉള്ളത്. 1977 ൽ ടൊറോന്റോ അതിരൂപതയുടെ കീഴിലുള്ള ഒരു മിഷൻ ആയിട്ടാണ് ഇത് ആരംഭിച്ചത്. ഇംഗ്ലീഷ് പള്ളികളിലെ ബഹുമാനപ്പെട്ട വൈദീകരായിരുന്നു ഈ അടുത്ത കാലം വരെ ഈ മിഷന്റെ ചാപ്ലിൻ ,ഡയറക്ടർ ,വികാരി എന്നി തസ്തികകളിൽ പ്രവർത്തിച്ചിരുന്നത് .ബഹുമാനപ്പെട്ട റവ. ഫാ തോമസ് തോട്ടുങ്കൽ, റവ.ഫാ.ജോസഫ് കണ്ണത്ത്, റവ. ഫാ ആന്റണി കൊഴുവനാൽ, റവ. ഫാ തോമസ് കളാരത്തിൽ, റവ.ഫാ.ജോൺ പൈനാടത്ത്, റവ.ഫാ.ക്ളീറ്റസ് പാലയ്ക്കൽ, റവ.ഫാ. ജോസഫ് കുന്തറയിൽ, റവ.ഫാ. ജോസ് കുറിയേടത്തു CMI, റവ.ഫാ .വർഗീസ് പുതുശേരി CMI, റവ.ഫാ .ജോയി ഊരേത്ത് CMI, റവ.ഫാ.അഗസ്റ്റിൻ മാമ്പള്ളി CMI, റവ.ഫാ. വർഗീസ് മുഞ്ഞേലി, റവ.ഫാ .ജോസഫ് പരിയാത്ത്, റവ.ഫാ. ജോസ് തൈപറമ്പിൽ CMI, റവ.ഫാ. ഐസക് തറയിൽ, റവ.ഫാ .ബിജു കണ്ണമ്പുഴ CMI, റവ. ഫാ ജെയിംസ് ചേരിക്കൽ, റവ.ഫാ.കുര്യൻ പുരമഠം, റവ.ഫാ.മാത്യു പെരിയപ്പുറം റവ. ഫാ തോമസ് വാലുമ്മേൽ എന്നീ വൈദീകരുടെ ആത്മാർത്ഥമായ സേവനങ്ങളെ ഇപ്പോഴും ഞങ്ങൾ നന്ദിയോടെ അനുസ്മരിക്കുന്നു. ആ കാലഘട്ടത്തിൽ അനേകം അത്മായരുടെ അകമഴിഞ്ഞ സഹകരണവും ഉണ്ടായിരുന്നു.

2013 ൽ ഇവിടുത്തെ വികാരിയായി സ്ഥാനം ഏറ്റെടുത്ത റവ. ഡോ.ജോസ് കല്ലുവേലിൽ മുതലാണ് വ്യക്തമായ പ്രവർത്തനശൈലി ഉരുത്തിരിഞ്ഞത്. അദ്ദേഹത്തിലൂടെയാണ് ഇവിടുത്തെ ജനങ്ങൾക്കു വ്യക്തമായ ദിശാബോധവും തീക്ഷതയും അർപ്പണബോധവും കൈവന്നത്. അന്നുവരെ ഇവിടെയുണ്ടായിരുന്ന എല്ലാ സംരംഭങ്ങളേയും ഉയർത്തുകയും ജനങ്ങളെ ഒറ്റകെട്ടായി രൂപീകരിക്കുകയും ചെയ്തു .അങ്ങനെയുള്ള വളർച്ചയുടെ പ്രതേകഘട്ടത്തിൽ ആണ് 2015 ആഗസ്റ്റ് 6 ാം തീയതി സെന്റ് തോമസ് സീറോ മലബാർ മിഷനെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ

ഒരു എക്സർക്കറ്റായി സ്ഥാപിച്ചത് .

2015 സെപ്റ്റംബർ 19 ന് മാർ ജോസ് കല്ലുവേലിൽ തബാത്ത രൂപതയുടെ സ്ഥാനിക മെത്രാനായും കാനഡയുടെ സീറോമലബാർ കത്തോലിക്കരുടെ എക്സർക്കായും അഭിഷേകം ചെയ്തു. വളരെയധികം ജനങ്ങളുടെയും വൈദീകരുടെയും സാനിധ്യത്തിൽ മാർ ജോർജ് ആലഞ്ചേരി മെത്രാൻ പട്ടം നൽകി. അന്നുമുതൽ രാപകൽ ഭേദമെന്ന്യേ പ്രവർത്തിച്ചതിന്റെ ഫലമായി വിവിധ പ്രൊവിൻസുകളിലായി 52 കൂട്ടായ്മകൾ നിലവിൽ വന്നു. അതിൽ 12 ഇടവകകളും, സ്വന്തമായി നാലു ദേവാലയങ്ങളും രൂപീകരിക്കപ്പെട്ടു. 25 വൈദീകരും ,12 കന്യാസ്ത്രീകളുമാണ് സേവനമനുഷ്ഠിക്കുന്നത്. ഒരു രൂപതക്കാവശ്യയമായ പാസ്റ്ററൽ കൗൺസിൽ, ഫിനാൻഷ്യൽ കൗൺസിൽ, വൈദീക കൂട്ടായ്മ വിവിധ ഭക്തസംഘടനകൾ എല്ലാം ആരംഭിച്ചു .

വ്യക്തമായ അജപാലന പ്ലാനുകളോടും, പരിപാടികളോടും കൂടി മാർ ജോസ് കല്ലുവേലിൽ ഈ രൂപതയെ വളർത്തിയെടുക്കുന്നു .അദ്ദേഹത്തിന്റെ പ്രവർത്തനപദ്ധതി മൂന്ന് വാക്കുകളിൽ ഒതുങ്ങുന്നു "FORM, FORTIFY ,EVANGELIZATION '.ഒന്നാംഘട്ടമായ രൂപീകരണത്തിന്റെ (FORM ) കാലഘട്ടത്തിലാണ് കാനഡയുടെ വിവിധ ഭാഗങ്ങളിൽ ഇടവകകളും മിഷനുകളും ആരംഭിച്ചത്.തുടർന്ന് ഒന്നാം ഘട്ടത്തിൽ ആരംഭിച്ചതെല്ലാം ബലവത്തായ അടിത്തറപാകി വളർത്തിയെടുത്തുകൊണ്ടിരിക്കുന്നു. വലിയ പ്രതീക്ഷയോടെയാണ് കാനഡയിലെ സീറോ മലബാർ കത്തോലിക്കർ ഈ രൂപതയെ ഇപ്പോൾ നോക്കികാണുന്നത് .അവരുടെ കൂദാശപരവും അജപാലനപരവുമായ ആവശ്യങ്ങൾ മുഴുവനുമായി നടത്തി കൊടുക്കുവാൻ ഈ രൂപതയ്ക്ക് കഴിയുമെന്ന് വിശ്വസിക്കുന്നു. പ്രവാസികളായി കാനഡയിലേക്കു കടന്നുവരുന്ന വ്യക്തികളെ ഈ നാട്ടിൽ ഇഴുകിച്ചേർക്കാൻ ഈ രൂപത സഹായിക്കുമെന്ന് പ്രതീഷിക്കുന്നു

മോൺ. സെബാസ്റ്റ്യൻ അരിക്കാട്ട്

വികാരി ജനറാൾ.












## INAUGURATION OF THE EPARCHY OF MISSISSAUGA
## &
## INSTALLATION OF BISHOP JOSE KALLUVELIL

May 25, 2019 will ever remain as a golden lettered day in the annals of the Eparchy of Mississauga. On that day there took place the Official Inauguration of the Eparchy of Mississauga and the Installation of Bishop Jose Kalluvelil as the first Eparch of the new Eparchy.

The installing prelate was His Beatitude George Cardinal Alencherry, the Major Archbishop of Syro-Malabar Church. The occasion was graced with the presence of His Excellency Luigi Bonazzi, Apostolic Nuncio to Canada, His Eminence Thomas Cardinal Collins, Archbishop of Toronto, His Excellency Richard Gagnon, Archbishop of Winnipeg and Vice President of CCCB, His Excellency Michael Mulhall, Archbishop of Kingston, His Excellency David Motiuk, Archbishop of Ukranian Church, His Excellency Mathew Moolakkatt, Archbishop of Kottayam, His Grace Jacob Angadiath, Bishop of Chicago and His Excellency Bawai Soro, Archbishop of Chaldean Church.

The official installation ceremony began at 9.30 am. Msgr. Sebastian Arikat, the Vicar General and Pastor of St. Alphonsa Syro-Malabar Cathedral welcomed everyone to the ceremony. Fr. John Mylamvelil, Chancellor of the Eparchy read the papal bulls of the erection of the Eparchy of Mississauga and appointment of Mar Jose Kalluvelil as the first eparchial bishop of Mississauga. It was followed by the Installation ceremony. His Beatitude George Cardinal Alencherry installed Bishop Jose Kalluvelil as the Bishop of the Eparchy of Mississauga. Then all the other concelebrating Archbishops and Bishops greeted the newly installed Bishop. Msgr. Sebastian Arikat, representing all the priests of the Eparchy professed allegiance to Bishop Jose Kalluvelil. It was then followed by Holy Qurbana. Bishop Jose Kalluvelil presided over the Holy Qurbana. His Grace Mathew Moolakkatt and His Excellency Jacob Angadiath concelebrated. His Beatitude George Cardinal Alencherry preached the homily. All priests working in the Eparchy were present for the celebration.

After the Qurbana, there was a short felicitation gathering arranged. It began with a professionally prepared audio visual presentation, a flash through the history of the Eparchy. His Excellency Luigi Bonazzi gave the Papal Message. His Beatitude George Cardinal Alencherry presided over the felicitation gathering and delivered the Presidential address. Felicitations were given by His Eminence Thomas Cardinal Collins, His Grace Richard Gagnon, His Excellency Jacob Angadiath and His Excellency Bawai Soro. All those who spoke on this occasion congratulated Bishop Jose Kalluvelil for the remarkable growth the Eparchy achieved within a short span of 39 months and wished the new Eparchy all the blessings form above. It was indeed a manifestation of the vibrant and healthy relationship between the various churches in Canada. Representing the priests and religious of the Eparchy, the only incardinated priest Fr. Daris Moolayil spoke on this occasion. Ebby Alaric felicitated the new Eparchy and Bishop Jose Kalluvelil representing SMYM, Catechism and Pious Association for Children. Jerin Raj, Maria Shajan and Catherine Sunil were present with Ebby. Dr. Sabu George spoke very meaningful words representing all the lay faithful and the Departments of the Eparchy. Mr. Jolly Joseph, Mr. Thomas Varghese, Mr. Aloysius Mekkunnel and Mrs. Leena Joshy Koottummel were present with him. Bishop Jose Kalluvelil then gave the words of response expressing his gratitude to everyone and his dreams for the Eparchy in the future. The General Conveners Sony Kayaniyil and Joseph Akkarapatiakal thanked everyone who were behind making the event successful. The choir sang the Eparchial anthem which marked the conclusion of the felicitation gathering. Everyone then proceeded for the sumptuous meal arranged. Fr. Martin Augustin SDB was the master of ceremony for the day.














Reserved
Reserved























# സീറോമലബാർ മിസ്സിസ്സാഗ രൂപത കനേഡിയൻ സംസ്കാരത്തിൽ

**മാർ ജോസ് കല്ലുവേലിൽ**

1977 മുതൽ ചെറിയ ചെറിയ കുടിയേറ്റങ്ങളോടെ കാനഡമണ്ണിൽ കിളിർത്ത സീറോമലബാർ സഭയെ ദൈവിക പരിപാലനയിൽ 2015 ആഗസ്റ്റ് 6 ന് സീറോ മലബാർ അപ്പസ്തോലിക് എക്സാർക്കേറ്റായി പരി. പിതാവ് ഫ്രാൻസിസ് പാപ്പാ ഉയർത്തി. 2015 സെപ്റ്റംബർ 19ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള മൂന്നുവർഷക്കാലം ദൈവജനത്തിന്റെയും വൈദികരുടെയും സമർപ്പിതരുടെയും അകമഴിഞ്ഞ കൂട്ടായ പ്രവർത്തനത്തെ അനുഗ്രഹിച്ച ദൈവപരിപാലനക്ക് എളിമയോടെ നന്ദി! എല്ലാം ദൈവമഹത്വത്തിന്! 2018 ഡിസംബർ 22 ന് ഫ്രാൻസിസ് പാപ്പാ മിസ്സിസ്സാഗയെ ഒരു രൂപതയായി ഉയർത്തിയപ്പോൾ 39 മാസത്തെ അശ്രാന്തപരിശ്രമങ്ങളെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കുകയായിരുന്നു. ഈ അവർണനീയമായ ദാനത്തിന് ദൈവത്തിന് സ്തുതി! 2019 മെയ് 25 ന് രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനവും മെത്രാൻ സ്ഥാനാരോഹണവും നടക്കുമ്പോൾ നമ്മുടെ പ്രധാന വെല്ലുവിളി കേരളത്തിൽ ആരംഭിച്ച സീറോമലബാർ സഭയെ കനേഡിയൻ സംസ്കാരത്തിൽ വേരുറപ്പിക്കുകയാണ്.

കേരളത്തിൽ ജനിച്ച് ആ സംസ്കാരത്തിൽ വിശ്വാസരൂപീകരണം സിദ്ധിച്ച്, വർഷങ്ങൾക്ക് മുമ്പ് സുന്ദരസ്വപ്നങ്ങളുമായി കാനഡയിലേക്ക് കുടിയേറിയ സീറോ മലബാർ വിശ്വാസികൾ വളരെ നേട്ടങ്ങൾ സ്വന്തമാക്കിയെന്നതിൽ അഭിമാനിക്കാം. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ നമ്മുടെ അജപാലന പ്രവർത്തനങ്ങളിലെ മുൻഗണന കാനഡയിൽ ചിതറിക്കിടക്കുന്ന ദൈവജനത്തെ കണ്ടെത്തി ആരാധനാ സമൂഹങ്ങൾ രൂപപ്പെടുത്തലായിരുന്നു (Formation). അതിന് നിങ്ങൾ ഓരോരുത്തരുടെയും നേതൃത്വവും സഹകരണവും അത്ഭുതാവഹമായിരുന്നു. അത് തുടരുമ്പോൾതന്നെ നമ്മുടെ ഇനിയുള്ള അജപാലന മുൻഗണന വിശ്വാസസമൂഹത്തെ ശക്തിപ്പെടുത്തൽ (Fortification) ആകണം. എങ്കിൽ മാത്രമേ, ആത്യന്തിക ലക്ഷ്യമായ സുവിശേഷവൽകരണവും (Evangelization) അതുവഴി ആത്മരക്ഷയും സാധ്യമാകൂ.

## സാംസ്കാരികമായ ആഘാതം (Cultural Shock)

പ്രവാസിതലമുറയിലൂടെ ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സഭയെ ഏറ്റുവാങ്ങേണ്ടത് ഈ മണ്ണിൽ ജനിച്ചുവളർന്ന പുതുതലമുറയാണ്. മക്കളുടെ ബൗദ്ധികമായ വളർച്ചയോടൊപ്പം തങ്ങളുടെ വിശ്വാസപൈതൃകം കൂടി അവർ ഏറ്റുവാങ്ങുന്നതിന് മാതാപിതാക്കൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. എന്നാൽ, ഈ സംസ്കാരത്തിൽ വ്യക്തിത്വരൂപീകരണം സിദ്ധിച്ച് വളരുന്ന തങ്ങളുടെ മക്കൾക്ക് പൂർവികരിൽ നിന്ന് കിട്ടിയ വിശ്വാസപൈതൃകം പകർന്നു നൽകുന്നത് എങ്ങിനെയെന്നത് മാതാപിതാക്കൾക്ക് വലിയ വെല്ലുവിളിയായി അനുഭവപ്പെടുന്നു. സാംസ്കാരികമായ അകലം (cultural gap) സൃഷ്ടിക്കുന്നത് ഒട്ടും ചെറുതല്ലാത്ത സാംസ്കാരികമായ ആഘാതമാണ് (cultural shock). ഇവിടെയാണ് വ്യക്തമായ ദിശാബോധത്തോടെയുള്ള അജപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് വിജയപ്രദമായി നടപ്പിലാക്കേണ്ടതിന്റെ അനിവാര്യത.

മാതാപിതാക്കളുടെ ഏറ്റവും വലിയ സമ്പാദ്യമായ മക്കൾ ഇന്ന് ജീവിക്കുന്നത് രണ്ട് സംസ്കാരങ്ങൾക്കിടയിലാണ്. വീട്ടിൽ കേരളതത്തനിമയും വിദ്യാലയങ്ങളിലും പൊതുഇടങ്ങളിലും കനേഡിയൻ സംസ്കാരവും അവർ ജീവിക്കേണ്ടിവരുന്നു. എന്നാൽ, നിർഭാഗ്യവശാൽ അവരിൽ മിക്കവർക്കും ഒന്നിന്റെയും ഭാഗമായി തീരാൻ സാധിക്കുന്നില്ല (in-between status). ഒന്നിനെയും സ്വന്തമായി സ്നേഹിക്കാനോ സ്വീകരിക്കാനോ സാധിക്കുന്നില്ല. ഇത് സൃഷ്ടിക്കുന്ന ആഘാതം കൊണ്ടെത്തിക്കുന്നത് ഒരു ശൂന്യതാബോധത്തിലേക്കും(emptiness) അതുവഴിയുണ്ടാകുന്ന വ്യക്തിത്വ പ്രതിസന്ധിയിലേക്കുമാണ് (identity crisis).

ഈ പ്രതിസന്ധി തുടർന്നാൽ, നമ്മുടെ രൂപതയുടെ ഭാവി ഇരുപതോ മുപ്പതോ വർഷം കഴിയുമ്പോൾ എന്താകും? ഇന്ന് പള്ളികൾ വാങ്ങാൻ നാം തത്രപ്പെടുമ്പോൾ, അടുത്ത തലമുറ ശൂന്യമായ പള്ളികളെക്കണ്ട് വിൽക്കാൻ ശ്രമിക്കേണ്ടിവരുമോ? നമ്മെ അലട്ടുന്ന ഈ ചിന്തകൾ ഗൗരവത്തോടെ വീക്ഷിക്കേണ്ടതുണ്ട്.

## വേരുറപ്പിക്കൽ (**Rootedness**)

ആദ്യതലമുറയെ ഉൾക്കൊണ്ടുകൊണ്ട് തന്നെ പുതുതലമുറയെ ഈ മണ്ണിൽ വേരുറപ്പിക്കലാണ് രൂപതയുടെ ആദ്യവർഷങ്ങളിലെ പ്രധാന മുൻഗണന. അതായത്, അവരെ കാരുണ്യപൂർവം അനുധാവനം (merciful accompaniment) ചെയ്ത്, നാളത്തെ സഭയുടെ നേർധാരയിലെത്തിച്ച്, കാനഡയിലെ മണ്ണിൽ സഭയുടെ ഉപ്പും പുളിമാവുമായി രൂപാന്തരപ്പെടുത്തലാണ്. അതിന് നാം പുതുതലമുറയെ ശ്രവിക്കേണ്ടതുണ്ട് (listening). നമ്മുടെ അജപാലസംവിധാനങ്ങളിൽ അവർക്ക് അർഹമായ ഇടം (space) ഉറപ്പുവരുത്തണം. എങ്കിൽ മാത്രമേ, അവർ ഈ മണ്ണിലെ സഭയായി വേരുറക്കുകയുള്ളൂ (rooted).

## വളർച്ച - കൂട്ടായ്മയിലുള്ള പങ്കാളിത്തം (**Growth in Participation**)

ഈ മണ്ണിൽ വേരുറച്ചവർ അജപാലന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിന് നാം പ്രത്യേകം ശ്രദ്ധിക്കണം. അതിന് നമ്മുടെ രൂപതയിലെ എല്ലാ ശുശ്രൂഷാതലങ്ങളിലും അവരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തണം. അപ്പോൾ മാത്രമേ സഭ അവരുടെ സ്വന്തമെന്നുള്ള (ownership) അവബോധത്തിലേക്ക് വളർന്നുവരികയുള്ളൂ. സ്വന്തമായതിനെ മാത്രമേ ആരും സ്നേഹിക്കാനും വളർത്താനും ശ്രമിക്കൂ.

## ഫലം പുറപ്പെടുവിക്കൽ - സുവിശേഷവൽക്കരണം (**Evangelization as the Fruit**)

ആത്മീയ ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മണ്ണിൽ നമ്മുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ ഏവരും വലിയ അത്ഭുതത്തോടും അഭിമാനത്തോടും കൂടെ വീക്ഷിക്കുന്നുണ്ട്. എന്നാൽ, നമ്മുടെ സഭക്ക് ഇടതൂർന്ന ഇലകളുടെ സമൃദ്ധി മാത്രം പോരാ; യേശു പ്രതീക്ഷിക്കുന്ന ഫലം പുറപ്പെടുവിച്ചേ മതിയാകൂ (മർക്കോ. 11, 12-14). നമ്മുടെ വിശ്വാസം നമ്മുടെ അനുദിന ജീവിത്തിലെ പ്രവൃത്തികളായി രൂപാന്തരപ്പെടണം. "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5, 16). കാനഡയുടെ മണ്ണിൽ വിശ്വാസത്തിന്റെ പ്രകാശഗോപുരമായി മിസ്സിസ്സാഗ രൂപത മാറണം. പിതാവിന്റെ പ്രേഷിതനായി ഈ ഭൂമിയിൽ അവതരിച്ച നല്ല ഇടയനായ യേശുവിനെപ്പോലെ, വിശ്വാസത്തിന്റെ ഇടയന്മാരായി (Shepherds of Faith) മാറുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അതിന് യേശുവിന്റെ പ്രേഷിതാഹ്വാനം (മത്താ. 28, 16-20) നാം ഏറ്റെടുക്കണം. സുവിശേഷ പ്രഘോഷണവും സുവിശേഷാനുസൃത ജീവിതവും സുവിശേഷവൽക്കരണവും ആത്മരക്ഷയും നമ്മുടെ ലക്ഷ്യങ്ങളായി മാറണം.

## ഒന്നിച്ചൊന്നായ്....

ഈ മണ്ണിൽ നിന്ന് ഏറെ കൃപകൾ ദാനമായി സ്വീകരിച്ചിട്ടുള്ളവരാണ് നമ്മൾ. കാനഡമണ്ണിൽ കനകം കൊയ്യുന്ന നമ്മൾ, വിശ്വാസത്തിന്റെ വിത്ത് വിതച്ച് ദൈവം ആഗ്രഹിക്കുന്ന സുവിശേഷത്തിന്റെ സദ്ഫലങ്ങൾ തിരികെ നൽകാൻ പ്രാപ്തമായ ഒരു സഭയെ സ്വപ്നം കാണണം. അതിനായി യേശുവിന്റെ "സുവിശേഷമായി" സുവിശേഷമേകാൻ നമുക്ക് കൈകോർക്കാം.

# BISHOP'S ENGAGEMENTS

## JUNE 2019

| | |
|---|---|
| 01/06 | AM: First Holy Communion, London |
| 02/06 | AM: Holy Mass, Cathedral |
| 03-07/06: | Live and Learn 2019, Winnipeg |
| 08/06: | First Holy Communion, New Jersy |
| 09/06: | Feast of Pentecost , Announcement of Mississauga Diocesan Convention 2019 |
| | AM: First Holy Communion, Hamilton |
| | PM: Beginning of new mission at Sarnia |
| 10/06: | Malayalee Priests Gathering |
| 13/06: | Feast of St. Antony, Cathedral |
| 14/06: | Inauguration of Pre-marriage course |
| 15/06: | Mississauga Diocesan Convention 2019 Leaders' Meeting |
| 16/06 | AM: Family Day Celebration, Cathedral |
| | PM: First Holy Communion, Cambridge |
| 18/06 | PM: Shepherd of Faith Director Board meeting |
| 22/06 | AM: Finance Council meeting |
| | PM: Knights of Columbus Annual Dinner, Cathedral |
| 23/06: | Parish Day, Ottawa |
| 29/06 | AM: Social Service Director Board meeting |
| 30/06: | First Holy Communion, Niagra |

### MONTHLY RECOLLECTION FOR PRIESTS AND SISTERS
### SCHEDULE

Date : Jun 11, 2019 Tuesday

9.00 am -10 am : Discussion of Priests with Bishop

10.00 am -11.00am : Talk By Rev. Fr. Jose Alencherry

11.00 am -12.00 pm : Adoration and Confession

1.00pm : Lunch

2.00 pm : Conference, Departure

# Congratulations & Prayers on your Anniversary of Priesthood



Rev. Fr. Thomas
10.06.1963



Rev. Fr. John
24.06.2019

# Prayerful Festal Greetings To Our Beloved



Rev. Fr. Pathros
29.06.2019



Rev. Fr. Plogen
29.06.2019

## *Hearty Welcome to Our Rev. Fathers*



Rev. Fr. Thomas Thaicheril



Rev. Fr. Jose Alencherry

**APPOINTMENTS**

Rev. Fr. Martin Augustin SDB, Pastor, St. Mary's Syro-Malabar Catholic Parish London, in addition to the present ministries, w.e.f. June 2, 2019. Pastor, Sarnia Mission, in addition to the present ministries; relieved from the office of Director of Youth Apostolate and Pastor of Infant Jesus Mission Barrie, w.e.f. June 15, 2019.

Rev. Fr. Daris Moolayil, Secretary of Eparchial Pastoral Council, w.e.f. June 1, 2019.

Rev. Fr. Thomas Thaicheril, Pastor of the St. Alphonsa Syro-Malabar Catholic Forane Church Edmonton, St. Thomas Mission Fort Mac Murray and St. John Paul II Mission Lacombe, w.e.f. June 02, 2019.

Msgr. Sebastian Arikat, Relieved from the office of Pastor of St. Alphonsa Cathedral Mississauga. Retains the post of Proto-Syncellus; Resident priest of St. Alphonsa Cathedral Mississauga and Pastor of Sudbury Mission, w.e.f. June 15, 2019.

Rev. Fr. Jacob Edakalathur, Pastor of St. Alphonsa Cathedral Mississauga and Infant Jesus Mission, Barrie, in addition to the present ministry as Eparchial Financial Officer, w.e.f. June 15, 2019.

Rev. Fr. Jose Alencherry, Pastor of St. Thomas Forane Church Scarborough, St. Joseph Parish Oshawa, St. Kuriakose Elias Chavara Mission Belleville, St. Joseph Mission Kingston and Director of Family Apostolate, w.e.f. June 15, 2019.

Rev. Fr. Saji Thomas Kannamangalam CMI, Director of Youth Apostolate, in addition to the present ministry, w.e.f. June 15, 2019.

Rev. Fr. Jojo Changanamthundathil, Relieved from the post of Acting Pastor of St. Alphonsa Forane Church Edmonton, w.e.f. June 02, 2019. Pastor of St. John Bosco Mission Peterborough Mission, in addition to the present ministries, w.e.f. June 15, 2019.

Rev. Fr. Augustine Kallumkatharayil, Director of Western Regin Pastoral Centre, Edmonton, in addition to the present ministries, w.e.f. July 01, 2019.

Rev. Sr. Prasanna Thattil CHF, Coordinator of Home Mission, w.e.f. June 15, 2019.

## AJAX KNANAYA MISSION

A new mission was established for the Knanaya Faithful of the Syro-Malabar Church residing in the Ajax area and appointed Rev. Fr. Pathros Champakkara Peely as its Pastor, w.e.f. May 18, 2019. The name of the Mission is Holy Family Knanaya Syro-Malabar Catholic Mission, Ajax.

## SCARBOROUGH FORANE DISTRICT

Corresponding to the Vision and Mission of the Eparchy of Mississauga and in order to meet the needs of pastoral action in the Eparchy more effectively and conveniently to the faithful, Mar Jose Kalluvelil, established the existing St. Thomas Syro-Malabar Parish, Scarborough, as a Forane District and appointed Rev. Fr. Jacob Edakalathur as Forane Vicar, w.e.f. May 26, 2019.

## OSHAWA PARISH

The St. Joseph Syro-Malabar Mission, Oshawa, was erected as a Parish for the Syro-Malabar faithful residing in the Durham Region, comprising of three family units (St. Alphonsa, St. Ann & St. Antony) of Pickering, Ajax, Whitby, Oshawa, Courtice, Bowmanville and Port Perry and appointed Very Rev. Fr. Jacob Edakalathur as Pastor, with effect from May 26, 2019.

## EPARCHIAL PRESBYTERAL COUNCIL

The first Presbyteral Council of the Eparchy of Mississauga was constituted on Friday May 24, 2019. Following are the members and office bearers:

**A. Members:**

1. Ex-officio

    Msgr. Sebastian Arikat, Proto-Syncellus

    Rev. Fr. Jacob Edakalathur, Finance Officer

    Rev. Fr. John Mylamvelil, Chancellor

    Rev. Fr. Thomas Taicheril, Western Regional Director

2. Elected

    Forane Representatives

    Rev. Fr. Pathros Champakara, Mississauga

    Rev. Fr. Martin Augustine SDB, Scarborough

    Rev. Fr. Saji Chakkittamuriyil, Edmonton

    Representatives of Departments and Associations

    Rev. Fr. Jose Alencherry

    Rev. Fr. Boby Muttathuvalayil

3. Nominated

    Rev. Fr. Augustine Kallumkatharayil

    Rev. Fr. Daris Moolayil

**B. Office Bearers**

1. President – Mar Jose Kalluvelil
2. Vice-president – Msgr. Sebastian Arikat
3. Secretary – Rev. Fr. Martin Augustine SDB

**C. Agenda Committee**

Rev. Fr. Martine Augustine SDB

Rev. Fr. Boby Muttathuvalayil

Rev. Fr. Saji Chakkittamuriyil

The first meeting of the Presbyteral council was held immediately after the constitution at St. Alphonsa Cathedral, Mississauga.

## EPARCHIAL PASTORAL COUNCIL

The new pastoral council of the Eparchy of Mississauga was constituted on May 17, 2019. The first meeting of the new pastoral council is scheduled on Monday, July 1, 2019 from 10.00 am to 4.00 pm.

**Following are the members:**

Msgr. Sebastian Arikat,
Fr. John Mylamvelil
Fr. Jacob Edakalathur
Fr. Thomas Thaicheril
Fr. Pathros Chambakkara
Fr. Jose Alencherry
Fr. Augustine Kallumkatharayil
Fr. Martin Augustine SDB
Fr. Sajo Puthussery
Fr. Daris Moolayil
Sr. Parasnna Thattil CHF
Ansamma Thomas, Abbotsford
Biju P. George, Infant Jesus Barrie
Shaji Varghese, Calgary St. Mother Theresa
Saji Pathickal, Calgary St. Mother Theresa
Joby Scaria, Calgary St. Mother Theresa
Jibin Chacko Karayedathu, Dawson Creek St. Joseph
Jismon Mathew, Edmonton St. Alphonsa
Joji Kurian, Edmonton St. Alphonsa
Anoop George, Edmonton St .Alphonsa
Shiny Ouseph, Edmonton St. Alphonsa
Simi Ciby, Edmonton St. Alphonsa
Nivin Markose Ellickal, Grand Prairie St. Mary

Larlit Johny, Grimsha St. Jude

Matt Mathew, Hamilton St. Joseph

Biju Devassy, Hamilton St. Joseph

Jose Sebastian, High Level Holy Family

Siju Simon, Kingston St. Joseph

Jimmy Mathew Nedumpurath, London St. Mary

Bensy Mathew, London St. Mary

Rejose Mathew Arackal, London St. Mary
Sabu Mathew Thottumkal London –Knanaya

Tessy Jose Pukulakkat, Mississauga St. Alphonsa Cathedral

Jimmy Cyriac,  Mississauga St. Alphonsa Cathedral

Francis Ouseph, Mississauga St. Alphonsa Cathedral

Suresh Thomas, Mississauga St. Alphonsa Cathedral

Aloysius Mekkunnel,Mississauga St. Alphonsa Cathedral

Tomy Kayyaniyil, Mississauga St. Alphonsa Cathedral

Saji George, Mississauga St. Alphonsa Cathedral

Vince Joseph, Mississauga St. Alphonsa Cathedral

Francis Tharakan, Montreal St. Joseph
Lalichen Thomas Changankerry, Niagara Falls St. Mother Theresa
Delight Sojan, Niagara Falls St. Mother Theresa
Antoney Vattavayalil,  Oshawa St. Joseph
Kurien Xavier, Oshawa St. Joseph
Leena Joshy Koottummel, Oshawa St. Joseph
Shenson Joseph, Ottawa St. Mother Theresa
Thomas Sebastian, Regina St. John Paul II
Deena Steephen, Regina St. John Paul II
Augustine Joy, Saskatoon Christ the King
Mr. Jose Kavukkat, Scarborough St. Thomas
Mr. Santhosh Thomas, Scarborough St. Thomas
Mr. Jerin Raj, Scarborough St. Thomas
Mrs. Axy, Scarborough St. Thomas
Mr. Prenson Pereppadan, Scarborough St. Thomas
Sebastian Thomas, St John’s St. Thomas
George Lukose Kanjirathinkal, Toronto – Knanaya St. Marys
Shibi Jose Madasseriyil, Toronto – Knanaya St. Marys
Suni John Arayath,Toronto – Knanaya St. Marys

Lucy Varghese, Vancouver St. Alphonsa
Biju Arackal, Vancouver St. Alphonsa
Abraham Varghese,Vancouver St Alphonsa
James Jose, Victoria St. Antony
Sabu Mathew, Winnipeg St. Jude
Binny Vattamattam, Ottawa St. Mother Theresa
Tony Chirayilkalam, Oshawa, St. Joseph
Antoo valookaran, Scarborough St. Thomas
John Chennoth, Scarborough St. Thomas
Cherian Manathara, Mississauga St. Alphonsa Cathedral
Jolly Joseph, Mississauga St. Alphonsa Cathedral
Thomas Varghese, Mississauga St. Alphonsa Cathedral

## LIVE & LEARN

As part of ongoing formation for priests, the second Live & Learn programme of Rev. Fathers of our eparchy will be held from June 3-6, 2019 in Winnipeg. We will start with Holy Qurbana at 05.00 pm on Monday, June 3 and depart on Friday June 7.

## MISSISSAUGA DIOCESAN CONVENTION 2019

The first Bible Convention of our Diocese will be held on October 18-20, 2019. The convention will be preached by REV. FR. DOMINIC VALAMNAL & KRUPABHISHEKAM TEAM. The charismatic renewal department of our Diocese under the guidance of our Bishop Mar Jose Kalluvelil had a meeting with the directors on May 31, 2019, and decide to have a general body meeting on June 15th 2019, Saturday at 10:30 am in the St. Alphonsa Cathedral to form different departments of the convention. All the eparchial pastoral council members of our Diocese and the parish council members of the Mississauga and Scarborough Forane are invited for this general body meeting. We also welcome the directors and representatives of all the pious associations of our Diocese for this meeting. It is decided to announce the date of the convention in all the parishes on June 9th, the feast of Pentecost and also prepared a prayer for the strong intercession. The venue for the convention is 7575 Kennedy Rd. S, Brampton, On L6W 4T2. Registration will start on July 3rd onwards.

## മിസ്സിസ്സാഗ രൂപത കൺവൻഷൻ 2019
## പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ പ്രത്യേക പരിപാലനയാൽ നടക്കുവാനിരിക്കുന്ന കൺവൻഷനെ പൂർണ്ണമായും അങ്ങേ കരങ്ങളിൽ ഞങ്ങൾ സമർപ്പിക്കുന്നു."പരിശുദ്ധാത്മാവ് നിന്റെമേൽവരും അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ1/37) എന്ന തിരുവചനത്തിന്റെ അഭിഷേകശക്തി ഈ കൺവൻഷന്റെ മേൽ വർഷിക്കണമെ. കൺവൻഷൻ നയിക്കുന്ന ബഹു. ഡൊമിനിക് വാളൻമനാൽ അച്ചനെയും ടീമിനെയും കൺവൻഷനിൽ പങ്കെടുക്കുന്ന ഞങ്ങളേയും എല്ലാ കുടുംബങ്ങളെയും അങ്ങയുടെ അരൂപിയാൽ നിറയ്ക്കണമെ. അവിടുത്തെ പുത്രനായ യേശുവിന്റെ പരിശുദ്ധ നാമത്തിൽ അൽഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും സംഭവിക്കുന്നതിനായി അവിടുത്തെകൈകൾ നീട്ടണമെ. ഞങ്ങളുടെ രൂപതയേയും അഭിവന്ദ്യ പിതാവിനെയും എല്ലാവൈദീകരെയും ഇടവകകളെയും കുടുംബങ്ങളെയും ആത്മാവിന്റെ വരദാനങ്ങളാൽ നിറയ്ക്കണമെ. പരി. അമ്മേ, വി. യൗസേപ്പിതാവേ, വി.അൽഫോൻസാമ്മേ, സകലവിശുദ്ധരേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

**Date:** October 18-20
**Venue:** 7575 Kennedy Rd. S, Brampton, On L6W 4T2
Registration will start on first July 3, 2019. Limited seats are available.
Link: https://krupabhishekam2019.herokuapp.com

# Mississauga Diocesan Convention 2019 Prayer

O Father,Son and HolySpirit,we surrender to your loving hands the forthcoming convention. The Holy Spirit will come upon you; the power of the Most High will overshadow you (Lk 1: 35). Shower the anointing of this word of God upon this convention. Anoint with Holy Spirit Fr. Dominic Valamnal, the preacher, the team of volunteers and all of us and our families who participate in this convention. Loving Lord,who through the prophet Jeremiah promised that you will bless your priests with your prosperity,shower the outpouring of your Holy Spirit upon Fr. Dominic Valamnal and the team. Lord Jesus, you promised that your people will be satisfied with your blessings, bless all the families and the entire diocese with the gifts and fruits of your Holy Spirit.O Father,in the name of your beloved Son Jesus, let there be miracles,signs and healings happen ing in this convention

Mother Mary, St. Joseph, St. Alphonsa and all the saints intercede for us. Amen

**Date:** October 18-20

**Venue:** 7575 Kennedy Rd. S, Brampton, On L6W 4T2

Registration will start on July 3,2019. Limited seats are available.

Link: https://krupabhishekam2019.herokuapp.com

# പുരോഹിതനും വചനശുശ്രൂഷയും

## (തിരുവചനഭാഗം: ശ്ലീഹ 17,1–34)

ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കപ്പെട്ട പൗലോസ്, സീലാസും തിമോത്തിയോസുമൊന്നിച്ച് യൂറോപ്പിനെ ലക്ഷ്യമാക്കി പ്രേഷിതയാത്ര തുടരുകയാണ്. ഈ യാത്രയിൽ തെസലോനിക്കാ, ബെറോയാ, എന്നീ യഹൂദസാന്നിദ്ധ്യമുണ്ടായിരുന്ന സ്ഥലങ്ങൾ പിന്നിട്ട് ആഥൻസിൽ വരുന്നതും അവിടെയെല്ലാം സുവിശേഷപ്രഘോഷണം നടത്തുന്നതുമാണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം

ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാം:

1. തെസലോനിക്കായിൽ (17,1–9)
2. ബെറോയായിൽ (17,10–15)
3. ആഥൻസിൽ (17,16–21)
4. അരെയോപ്പാഗസിലെ പ്രസംഗം (17,22–31)
5. ആഥൻസ് വിടുന്നു (17,32–34)

പുരോഹിതന്റെ ശുശ്രൂഷയിൽ ഒന്നാം സ്ഥാനം വചനശുശ്രൂഷയ്ക്കാണ്. ആ ശുശ്രൂഷ നിർവഹിക്കുന്നതിൽ ശ്രദ്ധിക്കേ ചില പ്രത്യേക വശങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്.

1. വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ വചനശുശ്രൂഷ

പൗലോസ് പതിവനുസരിച്ച് അവിടെച്ചെന്നു മൂന്നു സാബത്തുകളിൽ, വിശുദ്ധഗ്രന്ഥത്തെ ആധാരമാക്കി അവരോടു സംവാദത്തിലേർപ്പെട്ടു. മിശിഹാ പീഡനം സഹിക്കുകയും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുക ആവശ്യമായിരുന്നുവെന്ന് അവൻ വിശദീകരിക്കുകയും തെളിയിക്കുകയും ചെയ്തു. അവൻ പറഞ്ഞു: ഞാൻ നിങ്ങളുടെ മുമ്പിൽ പ്രഘോഷിക്കുന്ന ഈ ഈശോ തന്നെയാണ് മിശിഹാ (17,2–3).

മാസിഡോണിയായിലെ റോമൻ ഗവർണ്ണരുടെ താമസസ്ഥലമായ തെസലോനിക്കായിലാണ് പൗലോസും സീലാസും തിമോത്തിയും അവരുടെ സുവിശേഷപ്രഘോഷണം നിർവഹിച്ചത്. അവിടെ യഹൂദരുായിരുന്നതുകൊണ്ട് സിനഗോഗുമുണ്ടായിരുന്നു. അതുകൊായിരിക്കാം അവിടെ സുവിശേഷപ്രഘോഷണം നടത്താൻ അവർ തീരുമാനിച്ചത്. അതേസമയം ജാസൻ എന്നൊരാളുടെ വീട്ടിലാണ് അവർ താമസമാക്കിയത്. പക്ഷേ, അവർക്കാർക്കും ഭാരമാകാത്ത വിധം ജോലി ചെയ്താണ് അവർ സ്വന്തം ഉപജീവനമാർഗ്ഗം തേടിയത് (1 തെസ 2,9). സുവിശേഷപ്രഘോഷർക്ക് ഒരു മാതൃകയാകാൻവേിക്കൂടിയാണ് അപ്രകാരം ചെയ്തതെന്ന് പിന്നീട് സൂചിപ്പിക്കുന്നുണ്ട്, (2 തെസ 3,7–8). വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സിനഗോഗിലുള്ളവരോട് സംവാദത്തിലേർപ്പെട്ടുവെന്നാണ് അവിടുത്തെ സുവിശേഷപ്രഘാഷണത്തെ വിവരിക്കുന്നത്. പഴയനിയമത്തിൽ ദൈവജനം പ്രതീക്ഷിച്ചിരുന്ന മിശിഹാതന്നെയാണ് ഈശോ എന്നു തെളിയിക്കാനാണ് പൗലോസ് ശ്രമിച്ചത്. ഉത്ഥാനത്തിലൂടെ ഈശോ കർത്താവായെന്നും പഠിപ്പിച്ചുകാണും. ഈശോ എന്ന മറ്റൊരു രാജാവിന്റെ പേരു പറഞ്ഞ് സീസറിന്റെ കല്പന ലംഘിക്കുന്നുവെന്നും അവർ കുറ്റാരോപണം നടത്തുന്നു് (17,7).

വിശുദ്ധ ഗ്രന്ഥത്തെ ആധാരമാക്കി സംവാദപരമായ ഒരു ശൈലിയാണ് പൗലോസ് തെസലോനിക്കായിൽ സുവിശേഷ പ്രഘോഷണത്തിനു സ്വീകരിച്ചത്. ഇതു വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. സഭയുടെ വിശ്വാസത്തിന്റെ ഉറവിടങ്ങളെ ആധാരമാക്കി വിശ്വാസം പഠിപ്പിക്കേതിന്റെ ആവശ്യകതയും പ്രാധാന്യവും ഇതു വ്യക്തമാക്കുന്നു്. ഇന്നത്തെ സുവിശേഷപ്രഘോഷണങ്ങളുടെ ശൈലിയിലുള്ള ഒരു അപാകതയിലേക്ക് ഇതു വിരൽ ചൂണ്ടുന്നു്ണ്ട്,. അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും മുൻതൂക്കം നല്കി മനുഷ്യരെ ആകർഷിക്കുന്ന സുവിശേഷപ്രഘോഷണശൈലി

പോകുന്നതുകൊണ്ട്, സഭാജീവിതത്തിൽ അതിന്റേതായ കുറവുകൾ കാണപ്പെടുന്നു. ആരംഭം മുതൽ ശ്ലൈഹികപ്രബോധനത്തിൽ സദാ താല്പര്യപൂർവ്വം പങ്കുചേരുന്ന ഒരു സമൂഹമാണ് സഭ (ശ്ലീഹ 2,42). വിശ്വാസികളുടെ സമൂഹമായ സഭയിൽ, വിശ്വാസത്തിൽ നിലനില്ക്കുന്നതിന് അത് ആവശ്യമാണുതാനും. അതുകൊണ്ട്, വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ലിഖിതങ്ങളിലും വിശുദ്ധ പാരമ്പര്യങ്ങളിലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലും അധിഷ്ഠിതമായി, പ്രബോധനപരമായ വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

2. വചനസ്വീകരണത്തിന് ഒരുക്കുന്ന വചനശുശ്രൂഷ

ഈ സ്ഥലത്തെ യഹൂദർ തെസലോനിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നു. ഇവർ അതീവ താല്പര്യത്തോടെ വചനം സ്വീകരിച്ചു. അവർ പറഞ്ഞതു സത്യമാണോയെന്ന് അറിയുവാൻ വിശുദ്ധഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു. അവരിൽ പലരും വിശ്വാസം സ്വീകരിച്ചു; കൂടാതെ ഗ്രീക്കുകാരിൽ ബഹുമാന്യരായ പല സ്ത്രീകളും പുരുഷന്മാരും (17,11–12).

അസൂയാലുക്കളായ ചില യഹൂദന്മാരുടെ പ്രേരണയ്ക്കു വിധേയരായി നഗരാധിപന്മാരും ജനക്കൂട്ടവും പൗലോസിനെതിരായി തീർന്നതിന്റെ ഫലമായി അവർക്ക് തെസലോനിക്കാ വിട്ട് ബെറോയായിലേക്കു പോകേണ്ടി വന്നു. അവിടെ എത്തിയതിനുശേഷം പൗലോസും സീലാസും യഹൂദരുടെ സിനഗോഗു കേന്ദ്രീകരിച്ച് വീും സുവിശേഷ പ്രഘോഷണത്തിലേർപ്പെട്ടു. ഈ സ്ഥലത്തുള്ള യഹൂദർ തെസലോനിക്കായിലുള്ളവരെക്കാൾ മാന്യന്മാരായിരുന്നതുകൊ്, അവർ അതീവ താല്പര്യത്തോടെ വചനം സ്വീകരിച്ചു. മാത്രമല്ല, പൗലോസും സീലാസും മറ്റും പറഞ്ഞത് സത്യമാണോയെന്ന് അറിയുവാൻ അവർ വിശുദ്ധഗ്രന്ഥങ്ങൾ അനുദിനം പരിശോധിക്കുകയും ചെയ്തിരുന്നു (17,11). വിശുദ്ധഗ്രന്ഥാധിഷ്ഠിതമായിട്ടാണ് പൗലോസും കൂട്ടരും പ്രസംഗിച്ചിരുന്നതെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ (17,2). അവരുടെ സുവിശേഷപ്രഘോഷണത്തോട് സജീവമായി സഹകരിച്ചുകൊണ്ട് അവിടുത്തെ യഹൂദർ വചനം പഠിക്കുകയും വചനം സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി അവരിൽ പലരും വിശ്വാസം സ്വീകരിക്കുകയും ചെയ്തു (17,11).

വചനസ്വീകരണം ക്രിസ്തീയജീവിതത്തിലും സഭാജീവിതത്തിലും വളരെ പ്രാധാന്യമുള്ള ഒരു വസ്തുതയാണ്. ആദിമക്രൈസ്തവസമൂഹം വചനം സ്വീകരിച്ചവരുടെ സമൂഹമായിരുന്നു. പത്രോസും മറ്റു പതിനൊന്നു പേരും ചേർന്ന്, പന്തക്കുസ്താനുഭവത്തെത്തുടർന്ന് നടത്തിയ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണല്ലോ ആദിമക്രൈസ്തവസമൂഹം രൂപം കൊണ്ടത്. അതെപ്പറ്റി നടപടിഗ്രന്ഥം ഇപ്രകാരമാണു പറയുന്നത്: അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു (ശ്ലീഹ 2,41). വചനം ശ്രവിച്ചവർ എന്നല്ല, വചനം സ്വീകരിച്ചവർ എന്നാണ് അവിടെ എടുത്തുപറയുന്നത്. (പി. ഒ. സി. ബൈബിളിലെ വചനം ശ്രവിച്ചവർ എന്ന വിവർത്തനം ഗ്രീക്കു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കിനോട് വിശ്വസ്തത പുലർത്തുന്നതല്ല). വചനം ശ്രവിച്ചാൽമാത്രം പോരാ. ജീവിതത്തിന്റെ മാനദണ്ഡമായി വചനം സ്വീകരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ വചനസ്വീകരണം നടക്കുന്നതും അതിന്റെ ഫലമായി വിശ്വാസസ്വീകരണമുാകുന്നതും. ഇന്നു പലപ്പോഴും വചനശ്രവണംമാത്രമേ നടക്കുന്നുള്ളു. വചനസ്വീകരണം നടക്കണമെങ്കിൽ ഹൃദയം നിർമ്മലമായിരിക്കണമെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ കുർബാനയിലെ സുവിശേഷത്തിനു മുമ്പുള്ള തുർഗാമാ (വ്യാഖ്യാനഗീതം) നമ്മെ അനുസ്മരിപ്പിക്കുന്നുമുണ്ട്. അതുകൊണ്ട് വചനസ്വീകരണം നടക്കുവാൻ തക്കവിധം ജനങ്ങളെ ഒരുക്കി വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതൻ ശ്രമിക്കണം.

3. വചനവിത്ത് വചനത്താൽ പൂർണമാക്കുന്ന വചനശുശ്രൂഷ

പൗലോസ് അവരെയും പ്രതീക്ഷിച്ച് ആഥൻസിൽ താമസിക്കവേ, നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട് അവന്റെ മനസ്സിൽ വലിയ ക്ഷോഭമുായി. അതിനാൽ, സിനോഗോഗിൽവച്ച് യഹൂദന്മാരുമായും മറ്റു ഭക്തജനങ്ങളുമായും, പൊതുസ്ഥലത്തുവച്ച് എല്ലാ ദിവസവും അവിടെ കൂടിയിരിക്കുന്നവരുമായും അവൻ വാദപ്രതിവാദം നടത്തി(17,16–17).

ബെറോയായിൽ ഫലപ്രദമായി സുവിശേഷപ്രഘോഷണം നടത്തിക്കൊിരുന്നപ്പോൾ തെസലോനിക്കാക്കാരായ യഹൂദർ അവിടെയെത്തി ജനങ്ങളെ പ്രകോപിപ്പിക്കുകയും ഇളക്കിവിടുകയും ചെയ്തു (17,13). അതുകൊണ്ട് പൗലോസിന്റെ കൂടെയുണ്ടായിരുന്നവർ അദ്ദേഹത്തെ ആഥൻസിൽ കൊണ്ടുചെന്നാക്കി (17,15). പൗലോസിന്റെ ആഥൻസിലെ സുവിശേഷപ്രഘോഷണമാണ് 17–ാം അദ്ധ്യായം 16 മുതൽ 31 വരെയുള്ള വാക്യങ്ങൾ അവതരിപ്പിക്കുന്നത്. മിശിഹായുടെ സുവിശേഷം വിജാതീയ ലോകവുമായി ആദ്യമായി കുമുട്ടുന്ന സന്ദർഭമാണ് ആഥൻസിലെ

അരെയോപ്പഗസിലെ പൗലോസിന്റെ പ്രസംഗം. നഗരം മുഴുവൻ വിഗ്രഹങ്ങൾക്കൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ട്. പൗലോസിന്റെ മനസ്സിൽ വലിയ ക്ഷോഭമുണ്ടായി (17,16). വിഗ്രഹാരാധനയ്ക്കു പുറമെ എപ്പിക്കൂരിയൻ, സ്റ്റോയിക്ക് തുടങ്ങിയ തത്ത്വശാസ്ത്ര ചിന്തകരും ധാരാളമുായിരുന്ന ഒരന്തരീക്ഷമാണ് ആഥൻസിലുണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിൽ പൗലോസ് ഈശോയെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും പ്രസംഗിച്ചുവെന്നും (17,18), പൊതുസ്ഥലത്തുവച്ച് അവിടെ കൂടിയിരുന്നവരുമായി എല്ലാ ദിവസവും വാദപ്രതിവാദം നടത്തിയെന്നു(17,17)മാണ് നടപടിഗ്രന്ഥം പ്രതിപാദിക്കുന്നത്.

സുവിശേഷം എല്ലാ സാഹചര്യങ്ങളിലും പ്രഘോഷണം ചെയ്യപ്പെടണമെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അന്ധവിശ്വാസമുള്ളിടത്തും വിശ്വാസമില്ലായ്മയുള്ളിടത്തും കേവലം ബൗദ്ധികതലത്തിൽ ചരിക്കുന്നവരുടെയിടയിലും സുവിശേഷപ്രഘോഷണത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ട്. ബൗദ്ധികതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന ജനങ്ങളുടെയിടയിലും സുവിശേഷപ്രഘോഷണത്തിനു പ്രസക്തിയുണ്ട്.

സുവിശേഷപ്രഘോഷണം നടത്താൻ നമുക്കു കടമയുന്നെ് ഇതു സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ 'വചന'മാണ് പുതിയനിയമത്തിലെ 'സുവിശേഷ'മായി മാറിയത്. വചനത്തിലൂടെയാണ് സകലതും സൃഷ്ടിക്കപ്പെട്ടത്: "ആദിയിൽ വചനമുായിരുന്നു... സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (യോഹ 1,1-3). വചനത്തിന്റെ വിത്ത് എല്ലാ മനുഷ്യരിലും മതങ്ങളിലുമുണ്ട് അതുകൊണ്ട് അതിനെ വചനത്തിന്റെ പൂർണതയിലെത്തിക്കുവാനുള്ള വിളി സാർവ്വത്രികമാണ്. അതുകെണ്ട് എല്ലാവരിലും, എല്ലാ സാഹചര്യങ്ങളിലും, സന്നിഹിതമായിരിക്കുന്ന വചനവിത്തിന്റെ സാന്നിദ്ധ്യം വിവേചിച്ചറിഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കടമയു്.

4. സൃഷ്ടിപരമായ ബന്ധം ഉണർത്തിയുള്ള വചനശുശ്രൂഷ

"ഞാൻ ഇതിലെ കടന്നുപോയപ്പോൾ നിങ്ങളുടെ ആരാധനാവസ്തുക്കളെ നിരീക്ഷിച്ചു. അജ്ഞാതദേവന് എന്ന് എഴുതിയിട്ടുള്ള ഒരു ബലിപീഠം ഞാൻ കണ്ടു. നിങ്ങൾ ആരാധിക്കുന്ന ആ അജ്ഞാതദേവനെക്കുറിച്ചുതന്നെയാണ് ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നത്. പ്രപഞ്ചത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചവനും സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവുമായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത്" (17,23-24).

വിജാതീയരോടുള്ള ഏറ്റം നീ സുവിശേഷപ്രഘോഷണമാണ് പൗലോസിന്റെ അരെയോപ്പഗസിലെ പ്രസംഗം. ഒരാമുഖവും മൂന്നു ഭാഗങ്ങളും ഒരു ഉപസംഹാരവുമാണ് ഈ പ്രസംഗത്തിനുള്ളത്. ആമുഖത്തിൽ, അറിയപ്പെടാത്ത ദൈവത്തെക്കുറിച്ചാണ് പൗലോസ് സംസാരിക്കുന്നത് (17,23). ഒന്നാം ഭാഗത്ത്, പ്രപഞ്ചസ്രഷ്ടാവായ ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല വസിക്കുന്നത് (17,24) എന്നും, രാം ഭാഗത്ത്, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽത്തന്നെയാണ് അവിടുന്നു വസിക്കുന്നത്; അവൻ എല്ലാറ്റിനും ആ ദൈവത്തെത്തന്നെ ആശ്രയിക്കുകയും ചെയ്യുന്നു (17,26-27) എന്നും, മൂന്നാം ഭാഗത്ത്, ദൈവത്തിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനില്ക്കുകയും ചെയ്യുന്നു; അവിടുന്നും നാമും തമ്മിൽ പിതൃപുത്രബന്ധവുമണ്ട് (17,28-29) എന്നും പറയുന്നു. ഉപസംഹാരത്തിൽ, അതുകൊ് വിഗ്രഹാരാധന തെറ്റാണ്, മാനസാന്തരപ്പെട്ട് സത്യദൈവത്തിലേക്കു തിരിഞ്ഞുകൊ് യഥാർത്ഥമായ ആരാധനയിലേക്കു കടന്നുവരുവാനും (17,30-31), മനുഷ്യകുലം മുഴുവൻ രക്ഷിക്കപ്പെടുവാൻ തന്റെ പുത്രനെ രക്ഷകനായി നല്കുവാൻ ദൈവം തിരുമനസ്സായി (17,31) എന്നംഗീകരിക്കുവാനും പൗലോസ് ആഹ്വാനം ചെയ്യുന്നു.

സോളമന്റെ ദൈവാലയപ്രതിഷ്ഠാ പ്രാർത്ഥനയെയും ദൈവത്തെ വേണ്ടവിധം തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ പ്രത്യുത്തരം നല്കാതെപോയ ഇസ്രായേൽ മക്കളുടെ സ്ഥിതിവിശേഷത്തെയുമൊക്കെ അനുസ്മരിപ്പിക്കുന്ന വാക്കുകളാണ് പൗലോസിന്റെ ഈ പ്രഭാഷണത്തിൽ കാണുന്നത്. സോളമൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗത്തിനും സ്വർഗാധിസ്വർഗത്തിനും അസാദ്ധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം!" (1 രാജാ 8,27). ഏശയ്യാ പറയുന്നു: "ആകാശങ്ങളേ ശ്രവിക്കുക, ഭൂതലമേ ശ്രദ്ധിക്കുക, കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി: എന്നാൽ, അവർ എന്നോടു കലഹിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ ഗ്രഹിക്കുന്നില്ല; എന്റെ ജനം മനസ്സിലാക്കുന്നില്ല" (ഏശ 1,2-3). ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവസ്നേഹം അറിയാതെയും അംഗീകരിക്കാതെയും ജീവിക്കുന്ന അവസ്ഥ മനസ്സിലാക്കി, തന്റെ സ്രഷ്ടാവായ ദൈവത്തിലേക്കു തിരിഞ്ഞ് അവിടുത്തെ ആരാധിക്കുവാനാണ് പൗലോസ് ആഥൻസ് ജനതയെ ആഹ്വാനം ചെയ്യുന്നത്. അടിസ്ഥാനപരമായി ഇപ്രകാരം ദൈവവുമായുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി യഥാർത്ഥ

ദൈവാരാധകരാകുവാനുള്ള ക്ഷണമാണ് വചനശുശ്രൂഷയിലൂടെ പുരോഹിതൻ നല്കേണ്ടത്.

5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ

"മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി കേട്ടപ്പോൾ ചിലർ അവനെ പരിഹസിച്ചു. എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം. അങ്ങനെ പൗലോസ് അവരുടെയിടയിൽനിന്നു പോയി. എന്നാൽ, കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെയോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു" (17,32-34).

അരെയോപ്പാഗസിലെ പ്രസംഗത്തിന് ആധികാരികത നല്കുന്ന അടിസ്ഥാനമായി പൗലോസ് എടുത്തു കാണിക്കുന്നത് ഈശോയുടെ ഉത്ഥാനമാണ്: "എന്തെന്നാൽ, താൻ നിയോഗിച്ചിരിക്കുന്ന ഒരു മനുഷ്യൻ വഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. ആ മനുഷ്യനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുകൊണ്ട് അവിടുന്ന് ഇതിന് ഉറപ്പു നല്കിയിട്ടുമുണ്ട്" (17,31). മിശിഹായുടെ ഉത്ഥാനമാണ് സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്രബിന്ദു: "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്.

നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,14). അതുപോലെതന്നെ നമ്മുടെ ഉത്ഥാനവും സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യമാണ്. "മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല" (1 കൊറി 15,16). മിശിഹായുടെ ഉത്ഥാനവും വിശ്വാസികളുടെ ഉത്ഥാനവും പ്രഖ്യാപിച്ചുകൊണ്ടാണ് പൗലോസ് അരെയോപ്പാഗസിലെ തന്റെ പ്രസംഗം അവസാനിപ്പിക്കുന്നത്.

മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു കേട്ടപ്പോൾ സമ്മിശ്ര പ്രതികരണമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായത്. "ചിലർ അവനെ പരിഹസിച്ചു. എന്നാൽ, ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്നു ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം" (17,32). എന്നാൽ, മറ്റു "കുറെയാളുകൾ അവനോടു ചേർന്ന് വിശ്വാസം സ്വീകരിച്ചു. അരെയോപ്പാഗസുകാരൻ ഡയനീഷ്യസും ദമാറിസ് എന്നു പേരുള്ള സ്ത്രീയും മറ്റു ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു" (17,34). മരിച്ചവരുടെ പുനരുത്ഥാനം നമ്മുടെ വിശ്വാസത്തിന് ശരിക്കും അർത്ഥം നല്കുന്നതാണ്.

പൗലോസ്ശ്ലീഹാ പറയുന്നതുപോലെ, "ഈ ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,19). ഇന്നത്തെ പല വചനപ്രഘോഷണങ്ങളിലും മരിച്ചവരുടെ ഉത്ഥാനവും അന്ത്യാത്മകജീവിതവും പ്രസംഗവിഷയമാകാറില്ല. ഈലോകത്തിന്റേതായ പ്രശ്നപരിഹാരങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന കൺവെൻഷനുകളും പ്രസംഗങ്ങളുമൊക്കെയാണ് ഇന്ന് മനുഷ്യനെ ആകർഷിക്കുന്നത്. ഇതിന് മാറ്റം വരേണ്ടതുണ്ട്. അതുകൊണ്ട് ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷകരാകുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

ജീവിതസൂചിക

1. വിശുദ്ധഗ്രന്ഥാധിഷ്ഠിതവും പ്രബോധനപരവുമായ വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?

2. വചനസ്വീകരണത്തിന് ജനങ്ങളെ ഒരുക്കി വചനപ്രഘോഷണം നടത്താൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

3. മനുഷ്യരിലുള്ള വചനവിത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

4. ദൈവവും മനുഷ്യനും തമ്മിലുള്ള സൃഷ്ടിപരമായ ബന്ധം ഉണർത്തി, യാഥാർത്ഥ ദൈവാരാധകരാകുവാൻ മനുഷ്യരെ സഹായിക്കുന്ന വിധമാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?

5. ഉത്ഥാനത്തിനും അന്ത്യാത്മകജീവിതത്തിനും പ്രാധാന്യം നല്കുന്ന വചനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# NEWS FROM DEPARTMENTS

## FAMILY APOSTOLATE

### MARRIAGE PREPARATION COURSE -2019

| Month | Date | Days |
|---|---|---|
| June | 14, 15, 16 | Friday, Saturday, Sunday |

For further details contact:
Rev. Sr. Prasanna Thattil CHF.
Director
Cell No.: 416-602-7646, Email : prasannathattil@gmail.com

## PIOUS ASSOCIATIONS FOR CHILDREN

"The child grew and became strong, filled with wisdom; and the favor of God was upon him" (Lk. 2:40)

### Activities for June 2019

**Saint:** Mariam Thresia

**Virtue:** Trust in God

**Bible Passage:** Lk 12: 22-32

## ST. ALPHONSA CATHEDRAL, MISSISSAUGA

**Abhishekagni Bible Convention 2019**
**18, 19 & 20 May 2019, led by Rev. Fr. Xaviour Khan Vattayil,**
**Sehion Retreat Center Attapadi.**







## ST. ALPHONSA CHURCH, VANCOUVER

**Pastoral visit**

Bishop Mar Jose Kalluvelil made his pastoral visit to St. Alphonsa church and its stations from 25 th April to May 1st. He arrived at the airport by 11pm on 25th.

On April 27th he visited St. Antony's unit Victoria. We had mass there at 11am and the agape followed. Then there was an interaction of the community with the Bishop. By 4pm we returned to the Main land. At the Mainland he presided over the Parish council of the church in the evening.

On 28th Sunday for the First Holy Communion of the children he was the Main celebrant.

On 29th he could find time to visit St. Thomas unit at Abbotsford.

On 30th April he went to Prince George. We had mass at the evening there. Before the mass he got an appointment with the bishop of Prince George. Immediately after the Mass a small get together was arranged at the house of Mr. Jerry and the Pastors and bishop Jarson were there. Concluding the visit, our bishop returned to Toronto on the next day Morning.

**Holy Communion.**

This year ten of our kids received the Lord solemnly on 28th April. Our Bishop Mar Jose Kalluvelil was the main celebrant. Fr Reji Ofm and Fr. Thomas were the con celebrants. After the solemn mass, the parish community gave the communicants a warm reception at the Parish center. Matrudeepthi and Knight of Columbus honored the children with beautiful presents.

**Recoganition of Catechism teachers**

As a token of gratitude the catechism teachers were given a small present by the hands our bishop during his visit.









# ST. THOMAS CHURCH SCARBOROUGH

We had a seminar on May 04, 2019 after our 8:30 am Holy Mass by Bp. Tony Neelankavil on Identity, Participation and Planning for our Parish Council Members, Pious Association Office Bearers and animators of Pious Association of St. Thomas Syro-Malabar Catholic Forane Church. Around 60 people from our Parish, St. Joseph Parish, Oshawa, Belville, Kingston & Ottawa Missions participated in this seminar.



# BISHOP'S DIARY

## MAY 2019

| | |
|---|---|
| 01/05 | : Returned from Pastoral visit, Vancouver |
| 02/05 | : Constituted Board of Directors of Shepherd of Faith |
| 03/05 | : Installation of Archbishop Michael Mulhall, Kingston |
| 04/05 | : Gave Orientation Talk in the Leaders' Seminar by Mar Tony Neelamkavil, St. Thomas Church, Scarborough, |
| 05/05 | : Gave Orientation Talk in the Leaders' Seminar by Mar Tony Neelamkavil, St. Alphonsa Cathedral, Mississauga, PM: Parish Feast Oshawa |
| 07/05 | : Monthly Recollection, Bishop's House |
| 08/05 | : Consultors' Body Meeting, Pastoral Center |
| 09/05 | : Emergency Consultor's Meeting |
| 10/05 | : Meeting with Leaders of St. Mary's Parish, London |
| 11/05 | : Confirmation, Cathedral |
| 12/05 | : Holy Mass at Cathedral |
| 18/05 | : First Holy Communion, Cathedral |
| 18-20/05 | : Abhishekagni Convention by Fr. Xavier Khan Vattayil |
| 20/05 | : Holy Mass and concluding Talk in Abhishekagni Convention |
| 19/05 | : First Holy Communion and Confirmation, Scarborough. |
| | : PM: Holy Mass, Cambridge |
| 24/05 | : Constituted Presbyterial Council<br>Priests' Conference led by His Beatitude George Cardinal Alencherry, Major Archbishop |
| 25/05 | : Inauguration of the Eparchy of Mississauga and Installation of the first Bishop, Mar Jose Kalluvelil |
| 26/05 | : AM. Concelebrated with Major Archbishop and declared the elevation of St. Thomas Church, Scarborough into the status of Forane<br>PM: Concelebrated with Major Archbishop and declared the elevation of St. Joseph's Mission, Oshwa into the status of Parish |
| 31/05 AM | : Curia Meeting<br>PM: Mississauga Diocesan Convention 2019 Core Team Meeting |

# EDITORIAL BOARD

## CHIEF EDITOR

**Rev. Fr. John Mylamvelil**

## EDITORS

**Rev. Fr. Martin Augustin SDB**

**Rev. Fr. Jojo Changanamthundathil**

**Rev. Sr. Philsy CMC**


INRI


INRI










Eparchy of Mississauga
Pastoral Center
6630 Turner Valley Road, Mississauga
Ontario, Canada L5N 2P1
Ph: +1 905 858 8200; Fax: +1 905 858 8208
Email: bishop@syromalabarcanada.org
Website: www.syromalabarcanada.org